LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയിൽ എപ്പോൾ സംസാരിക്കാൻ എഴുന്നേറ്റാലും മൈക്ക് അനുവദിക്കുന്ന കീഴ്‌വഴക്കമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്നത് കേൾക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം ബഹുമാനപ്പെട്ട സ്പീക്കർക്കാണ്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞാൽ അത് അവസാന വാക്കുമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം നൽകുകയെന്നുള്ളത് നമ്മുടെ കീഴ്‌വഴക്കമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് മുമ്പ് അന്നത്തെ പ്രതിപക്ഷ നേതാവ് എഴുന്നേറ്റപ്പോൾ മൈക്ക് അനുവദിച്ചിരുന്ന കാര്യം അങ്ങ് ഓർക്കുന്നുണ്ടായിരിക്കും. അദ്ദേഹം പറഞ്ഞത് ഉൾക്കൊള്ളാൻ സാധിച്ചില്ല. എന്നാലും അദ്ദേഹത്തിന് പറയാൻ അവസരം നൽകിയിരുന്നു. സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എഴുന്നേൽക്കുമ്പോൾ സമയം അനുവദിച്ചിരുന്നുവെങ്കിൽ പ്രശ്നങ്ങൾ പലതും പരിഹരിച്ച് മുന്നോട്ട് പോകാൻ സാധിക്കുമായിരുന്നു. മൈക്ക് അനുവദിക്കാത്തതിനാലാണ് ഇന്ന് സഭ ബഹിഷ്കരിക്കാനിടയായത്.

മി. സ്പീക്കർ: അങ്ങ് പ്രകടിപ്പിച്ച അഭിപ്രായം സംബന്ധിച്ച് നേരത്തേ തന്നെ ഞാൻ വിശദീകരണം നൽകിക്കഴിഞ്ഞതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സഭ ബഹിഷ്കരിച്ചു.)

## VIII. മേശപ്പുറത്തുവച്ച കടലാസുകൾ

1. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസ് | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 1 | 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് | അല്ല |

2. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസ് | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 2 | 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ഓർഡിനൻസ് | അല്ല |

## IX. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

മി. സ്പീക്കർ : ശ്രീ. എ. പ്രദീപ്കുമാർ, അങ്ങേയ്ക്ക് 2017 ഫെബ്രുവരി 23-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദിരേഖപ്പെടുത്തുന്നതിനുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, " 2017 ഫെബ്രുവരി 23-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദിരേഖപ്പെടുത്തുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ശ്രീ. ഒ. രാജഗോപാൽ, അങ്ങേയ്ക്ക് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ഒ. രാജഗോപാൽ : സർ, ഗവർണറുടെ പ്രസംഗത്തിൽ പാർലമെന്റിന്റെ ഇരുസഭകളും അംഗീകരിച്ച കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയത്തിനെതിരെ

"കഴിഞ്ഞ നാലുമാസങ്ങളിൽ, എന്റെ സർക്കാരിന് ഭാരതത്തിലെ സാമ്പത്തിക ചരിത്രത്തിലെ വിനാശകരമായ ആപത്തുകളിലൊന്നിനോട് പൊരുതേണ്ടതായി വന്നു.",

"വേണ്ടത്ര ചിന്തിക്കാതെ എടുത്ത ഈ തീരുമാനത്തിന് മുമ്പായി ദരിദ്രരേയും താഴ്ന്ന മദ്ധ്യവർഗ്ഗ വിഭാഗത്തിലുള്ളവരെയും ശമ്പളവും വേതനവും പറ്റുന്നവരെയും ഈ നടപടി എപ്രകാരം ബാധിക്കുമെന്നുള്ള ഗൗരവതരമായ ഒരു വിശകലനത്തിനുപോലും പരിഗണന നൽകുകയുണ്ടായില്ല എന്നതാണ് ഇതിലെ ഏറ്റവും മോശമായ വസ്തുത." എന്നീ പരാമർശങ്ങൾ ഉപയോഗിച്ചതിൽ ഖേദിക്കുന്നു. പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly